ഉത്തരം

(എ),(ബി)&(സി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

34 (2412) ഓപ്പൺ സ്കൂൾ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി മാതൃകയിൽ ഓപ്പൺ സ്കൂൾ സംപ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം.100/99/പൊ.വി. പ്രകാരം നാഷണൽ ഓപ്പൺ സ്കൂളിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഓപ്പൺ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ എസ്.സി.ഇ.ആർ.റ്റി.യുടെ കീഴിൽ ഒരു പ്രത്യേക വിഭാഗമായി പ്രവർത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 10 ലക്ഷം രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി തയ്യാറാക്കി പരിശോധിച്ചു വരികയാണ്.

35 (2413) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു സമീപന രേഖ

ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു സമീപന രേഖ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സമീപന രേഖ തയ്യാറാക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ച ഒരു വർക്ക്ഷോപ്പ് മുഖേന പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമീപന രേഖയുടെ കരട് രേഖ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കരട് രേഖയിൽ ഉദ്ദേശിക്കുന്നത് കുട്ടികളുടെ ഇന്ദ്രിയശേഷിയുടെ വികസനം തൊട്ടും, രുചിച്ചും, മണത്തും, കേട്ടും, കണ്ടും പരിസ്ഥിതി മനസ്സിലാക്കുക.

330/2010.

LIBRARY ARCHIVES Kerala Legislative Assembly